# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3239 25/06/2012 ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലാ പി.എസ്.സി. മുഖേന ലാസ്റ്റ് ഗ്രേഡായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് വെരിഫിക്കേഷൻ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ.എ.അസീസ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.മുഖേന നിയമനം ലഭിച്ചവരെ റഗുലറൈസ് ചെയ്യുന്നതിനു മുമ്പായി വെരിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; | (എ) 14.12.2010ലെ സ.ഉ.(പി)41/10/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർക്ക് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനു പുറമേ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയശേഷമേ അവരുടെ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാനാകുകയുള്ളൂ. |
| (ബി) എങ്കിൽ വെരിഫിക്കേഷന് ശേഷമുള്ള റഗുലറൈസേഷൻ കഴിഞ്ഞാൽ മാത്രമേ ജീവനക്കാരന് സർവ്വീസ് സംബന്ധമായ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ആലപ്പുഴ ജില്ലാ പി.എസ്.സി. മുഖേന ലാസ്റ്റ് ഗ്രേഡായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷം കഴിഞ്ഞിട്ടും വെരിഫിക്കേഷൻ നടത്താത്ത വിവരം അറിയാമോ; | (സി) ആലപ്പുഴ ജില്ലയിൽ 14.12.10നു ശേഷം സർവ്വീസിൽ പ്രവേശിച്ച 14 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കായി 07.06.12-ൽ നിയമന വെരിഫിക്കേഷൻ നടത്തിയിരുന്നു. അതിൽ 13 പേർ ഹാജരായിട്ടുണ്ട്. ശേഷിക്കുന്നവർക്ക് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) എങ്കിൽ കാലതാമസം കൂടാതെ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) നിയമന വെരിഫിക്കേഷനുവേണ്ടി ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ വെരിഫിക്കേഷൻ നടത്തി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ